©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)

# 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]**

2022 ജൂലൈ 14-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി II**
**(ഭൂനികുതിയും ദേവസ്വവും)**

# 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരമുള്ളത്]

853/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II
# ഭൂനികുതിയും ദേവസ്വവും
# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. രാജൻ,
റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ.ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2021-2022 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 2022 ജൂലൈ 12-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു .

2022 ജൂലൈ 12-ാം തീയതിയിലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു .

തിരുവനന്തപുരം,
2022 ജൂലൈ 12.

**കെ. രാജൻ,**
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി II.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2021-2022 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട് .

2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു .

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു .

2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടികൾ ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു .

## അദ്ധ്യായം I

2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

### ശിപാർശ

2029-00-001-99—ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്

ബഡ്ജറ്റ് വിഹിതം : 20,12,85,000 രൂപ (നോൺ പ്ലാൻ)

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉപയോഗത്തിനായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള വാഹനം വാങ്ങുന്നതിന് 7-9-2019-ലെ സ.ഉ.(സാധാ.) നമ്പർ 2512/2019/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയതിനു 10 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പുതിയ വാഹനം വാങ്ങുന്നതിനായി 10 ലക്ഷം രൂപയുടെ അധിക ധനവിനിയോഗാനുമതി സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13-10-2021-ലെ REV-F2/292-REV നമ്പർ കത്ത് പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി . ആയതിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചു വരുന്നു .

<u>ശിപാർശ</u>

2029-00-101-99—<u>വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 4,96,82,12,000 രൂപ (നോൺ പ്ലാൻ)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി നൽകുന്നതിനും വിവിധ വില്ലേജ് ഓഫീസുകളുടെ വാടക നൽകുന്നതിനും വില്ലേജ് ഓഫീസുകളുടെ വൈദ്യുതിചാർജ്ജ്, വെള്ളക്കരം ഇനത്തിലും അധികമായി തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

വില്ലേജ് ഓഫീസുകളുടെ ആർ.ആർ.ടി. ഇനത്തിൽ 35 ലക്ഷം രൂപ ധനപുനഃവിനിയോഗം മുഖേനയും ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 30 ലക്ഷം രൂപ അധിക ധനസഹായം മുഖേനയും 2021 - 22 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട് . വാട്ടർ ചാർജ്ജ് ഇനത്തിൽ 40,42,752 രൂപയുടെ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല .

<u>ശിപാർശ</u>

2029-00-103-95—<u>ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും</u>

ബഡ്ജറ്റ് വിഹിതം : 12,00,00,000 രൂപ (പ്ലാൻ)

ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Cors , Rtk എന്നിവ പ്രയോജനപ്പെടുത്തി 2 വർഷം കൊണ്ട് മുഴുവൻ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കുവാൻ നിലവിലെ പദ്ധതി വിഹിതം അപര്യാപ്തമാണെന്നും 2021-2022 വർഷത്തെ റിവൈസ്ഡ് പ്ലാൻ പ്രൊപ്പോസൽ പ്രകാരം അധികമായി തുക ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു . ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 217 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ നാലുവർഷം കൊണ്ട് പൂർത്തിയാക്കുന്നതിന് " Digital Resurvey of 1550 villages in the State " എന്ന 809.98 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭ്യമായിട്ടുള്ളതും , ആദ്യ ഘട്ടത്തിനായി റീ ബിൽഡ് കേരള ഇനിഷിയേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപയുടെ ഭരണാനുമതി 18-8-2021-ലെ സ.ഉ.(കൈ.) 24/2021/പ്ലാനിംഗ് നമ്പർ പ്രകാരം നൽകുകയും 12-10-2021-ലെ G.O.(Rt.) No.442/2021/P&EA ഉത്തരവ് അനുസരിച്ച് പദ്ധതിയുടെ പ്രാരംഭ നടപടികൾക്ക് ആവശ്യമായ 3 മാസത്തെ ചെലവിനുള്ള തുകയുടെ ആദ്യ ഗഡുവായി 10,50,30,000 രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് ആവുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം റീ സർവ്വേ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-103-95(plan) ശീർഷകത്തിൽ സമിതി ശിപാർശ പ്രകാരമുള്ള തുക ആവശ്യമായി വരുന്നില്ല .

<u>ശിപാർശ</u>

2053-00-093-99—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും</u>

ബഡ്ജറ്റ് വിഹിതം : 1,99,85,65,000 രൂപ (നോൺ പ്ലാൻ)

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ അവധി യാത്രാ ആനുകൂല്യം നൽകുന്നതിന് 2053-00-093-99-04-4 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവരുടെ LTC നൽകുന്നതിന് 1,34,000 രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിന് (RRT) 5,00,000 രൂപയും അധിക ധനവിനിയോഗാനുമതിയായി ലഭിച്ചിട്ടുണ്ട് .

<u>ശിപാർശ</u>

2053-00-093-96—<u>ഡിഫൻസ് പേഴ്സണലിന് വേണ്ടിയുള്ള റിക്രൂട്ട്മെന്റ് റാലികൾ</u>

ബഡ്ജറ്റ് വിഹിതം : 15,00,000 രൂപ (നോൺ പ്ലാൻ)

പ്രതിരോധ സേനകളിലേയ്ക്ക് വിവിധ ജില്ലകളിൽ റിക്രൂട്ട്മെന്റ് റാലികൾ നടന്ന് വരുന്നതിനാൽ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രതിരോധ സേനകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് റാലികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ ജില്ലാ ഭരണകൂടം നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ഉപയോഗിക്കുന്ന ടി ശീർഷകത്തിൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആർമി റിക്രൂട്ട്മെന്റ് റാലികൾ സംഘടിപ്പിക്കുന്നതിനായി 5-7-2021 -ലെ G.O.(Rt.) 4806/21/Fin. നമ്പർ ഉത്തരവ് പ്രകാരം 5,00,000 രൂപയും 20-7-2021-ലെ G.O.(Rt.) 5052/21/Fin. നമ്പർ ഉത്തരവ് പ്രകാരം 16,46,000 രൂപയും അധിക ധനവിനിയോഗാനുമതിയായി ലഭിച്ചിട്ടുണ്ട് .

<u>ശിപാർശ</u>

2053-00-094-99—<u>താലൂക്ക് ഓഫീസുകൾ</u>

ബഡ്ജറ്റ് വിഹിതം : 2,89,81,30,000 രൂപ (നോൺ പ്ലാൻ)

താലൂക്ക് ഓഫീസുകൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

താലൂക്ക് ഓഫീസുകളുടെ ഇന്ധന ചാർജ്ജിനത്തിൽ 25 ലക്ഷം രൂപ അധിക ധനസഹായം മുഖേന 2021-2022 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണി ഇനത്തിൽ 25 ലക്ഷം രൂപ അധിക ധനസഹായം മുഖേന അനുവദിക്കാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല .

ശിപാർശ

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 72,00,000 രൂപ (നോൺ പ്ലാൻ)

കോവിഡ്-19 രോഗ വ്യാപനം മൂലം വഖഫ് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞതിനാൽ ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.98 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തികവർഷം "2250-00-103-89-അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്" എന്ന ശീർഷകത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന 72 ലക്ഷം രൂപ ടി സാമ്പത്തികവർഷം തന്നെ കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് അനുവദിച്ച നൽകിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ

അധിക ധനസഹായം/ഉപധനാഭ്യർത്ഥന പ്രകാരം തുക വകയിരുത്തണമെന്ന പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇനത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധികമായി അനുവദിച്ച നൽകുകയുണ്ടായി.

ശിപാർശ

2053-00-094-40—സാമൂഹിക സന്നദ്ധസേനയ്ക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : ഇല്ല

പൊതുഭരണ (ഏകോപനം) വകുപ്പിൻ കീഴിൽ പുതുതായി രൂപീകരിക്കപ്പെട്ട സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് എന്ന വകുപ്പിന് അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 25 ലക്ഷം രൂപയാണ് മുൻ വർഷം ചെലവഴിച്ചതെന്നും ഈ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. വിവരസാങ്കേതികവിദ്യ ചെലവുകൾ സംബന്ധിച്ച് മുൻ വർഷത്തെ 24 ലക്ഷം രൂപ ബിൽ കുടിശ്ശിക തീർപ്പാക്കാനുണ്ടെന്നതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 63 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തികവർഷം ആകെ 58,15,000 രൂപയാണ് അധിക ധനവിനിയോഗം വഴി അനുവദിച്ചത് . ഐ.ടി. ആവശ്യങ്ങൾക്കായി സാമ്പത്തികവർഷം 49,82,000 രൂപ അനുവദിച്ചിരുന്നു. ഇതിൽ വെബ്സൈറ്റ് വികസിപ്പിച്ച ഇനത്തിലും സെർവർ ചാർജ് ഇനത്തിലും നൽകേണ്ടിയിരുന്ന 24 ലക്ഷം രൂപയുടെ വിവിധ ബില്ലുകൾ കൊടുത്തു തീർക്കുകയും ഫെബ്രുവരി മാസം വരെയുള്ള 20,27,740 രൂപയുടെ സെർവർ ചാർജുകൾ കൃത്യമായി നൽകുകയും ചെയ്തിട്ടുണ്ട് . കൂടാതെ സാമൂഹിക സന്നദ്ധസേനയുടെ ഓഫീസ് ആവശ്യങ്ങൾക്കായി വിവിധ ഐ.ടി. ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 2,30,726 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : (31)—1,50,00,000 രൂപ (നോൺ പ്ലാൻ)

(36)—40,14,000 രൂപ (നോൺ പ്ലാൻ)

ആകെ —1,90,14,000 രൂപ (നോൺ പ്ലാൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷാ നടത്തിപ്പിനുള്ള ചെലവിനും അധികം ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പളച്ചെലവിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ശമ്പളയിനത്തിൽ 1 കോടി രൂപയും ശമ്പളേതരയിനത്തിൽ 2 കോടി രൂപയും ചേർത്ത് ആകെ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ വഴി ശമ്പളയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട് .

ശിപാർശ

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

ദേവസ്വം ഫണ്ട്/ശ്രീപണ്ടാരംവക ഫണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2003-ലെ സ.ഉ.(സാധാ.) നം.378/2003/റവ. പ്രകാരം 1 കോടി രൂപയാണ് നൽകി വരുന്നതെന്നും 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ തുക വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചിൻ ദേവസ്വം ബോർഡിൻ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതകേരളം പദ്ധതിയുടെ ചുവടുപിടിച്ച് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയ പദ്ധതികൾക്ക് ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നത് പ്രയാസമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

<u>ശിപാർശ</u>

2250-00-103-91—<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്ര വിഹിതം, എഫ്.ഡി.-യിൽ നിന്നു ലഭിക്കുന്ന പലിശ എന്നിവയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം എന്നീ ചെലവുകൾ നിർവ്വഹിച്ചു വരുന്നതെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിൽ നിന്നും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നത് പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം: (31)—ശമ്പളം—22,40,10,000 രൂപ (നോൺ പ്ലാൻ)

(36)—ശമ്പളേതരം—10,34,82,000 രൂപ (നോൺ പ്ലാൻ)

ആകെ —32,74,92,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തിയതിനാലും ശമ്പളേതര ചെലവുകളായ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്കായും വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ശമ്പള ഇനത്തിൽ 32.599 കോടി രൂപയും ശമ്പളേതര ഇനത്തിൽ 4.651 കോടി രൂപയും ഉൾപ്പെടെ 37.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2250-00-103-86 —ആചാര്യ സ്ഥാനികർക്കും കോലധികാരികൾക്കുമുള്ള മാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധികാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക തികയാതെ വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതുതായി ഉൾപ്പെടുത്തിയവരെയും ചേർത്ത് 1811 ആചാര്യ സ്ഥാനികർക്കും 397 കോലധികാരികൾക്കും 1400 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും കൂടാതെ മുൻ വർഷങ്ങളിലെ തുക കുടിശ്ശികയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

<u>ശിപാർശ</u>

2250-00-103-85—<u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : 5,00,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

<u>ശിപാർശ</u>

2250-00-103-82—<u>വൈക്കം ക്ഷേത്ര കലാപീഠം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി വൈക്കം മഹാദേവക്ഷേത്രത്തോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിൽ 100-ൽപരം വിദ്യാർത്ഥികളെ പഞ്ചവാദ്യം, നാദസ്വരം, ചെണ്ട, തകിൽ തുടങ്ങിയവ പ്രഗത്ഭരായ അദ്ധ്യാപകർ അഭ്യസിപ്പിച്ചുവരുന്നതായും കലാപീഠത്തിന്റെ കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും വിദ്യാർത്ഥികൾക്കുള്ള താമസസൗകര്യത്തിനും പാഠോപകരണങ്ങൾക്കും പ്രധാനമായും ധനസഹായം ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി 20 കോടിയോളം രൂപയുടെ പ്രപ്പോസലുകൾ പരിഗണനയിലുണ്ടെന്നും വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കുന്നതിന് കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും ഹരിതകേരളം പദ്ധതിയിൽ ഇക്കാര്യം മുൻഗണന അർഹിക്കുന്ന ഒന്നാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

ശിപാർശ

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)

ബഡ്ജറ്റ് വിഹിതം : 1,20,48,000 രൂപ (നോൺ പ്ലാൻ)

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.127075 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല .

(കോവിഡ് മഹാമാരി കാരണം ശബരിമല തീർത്ഥാടനം പൂർണതോതിൽ നടക്കാതിരുന്നതിനാൽ 2020-21 വർഷം സർക്കാർ അനുവദിച്ച തുക ജില്ലാ കളക്ടർ ചെലവഴിച്ചിരുന്നില്ല . 2021-22 വർഷത്തെ ചെലവുകൾക്കായി 2020-21 വർഷം അനുവദിച്ച തുക ചെലവഴിക്കുന്നതിന് അനുമതി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ 2021-22 വർഷം ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല .)

ശിപാർശ

2245-80-102-95—ചുഴലിക്കാറ്റുമൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

(01)—ചുഴലിക്കാറ്റുമൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം (01) : 10,00,00,000 രൂപ (പ്ലാൻ)

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2021-22 സാമ്പത്തിക വർഷം അവസാനിക്കുന്നതിനാൽ നിർമ്മാണ പുരോഗതിയിൽ ആയിരിക്കുന്ന ഷെൽട്ടറുകൾക്കും മറ്റു ചെലവുകൾക്കുമായി ഏകദേശം 35 കോടി രൂപയോളം അധികമായി ആവശ്യമുള്ളതായി സമിതി കരുതുന്നു. എന്നാൽ 75% കേന്ദ്രാവിഷ്കൃതമായ പ്രസ്തുത പദ്ധതിയിൽ കൂടുതൽ കേന്ദ്ര വിഹിതം ലഭിക്കുന്ന മുറക്ക് ആനുപാതിക സംസ്ഥാന വിഹിതം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ചുഴലിക്കാറ്റ്മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതിയുടെ നടത്തിപ്പ് കാലാവധി ലോകബാങ്കുമായുള്ള ഉടമ്പടി പ്രകാരം 2021 മാർച്ച് 15 വരെ ആയിരുന്നു. ഈ കാലയളവിൽ ഷെൽട്ടറുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 35 കോടിയോളം രൂപ അധികമായി സംസ്ഥാന സർക്കാരിൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടത് . എന്നാൽ നിലവിൽ പദ്ധതി കാലാവധി 2022 സെപ്റ്റംബർ 15 വരെ ലോക ബാങ്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് .

നിലവിലെ outlay പ്രകാരം 15 .97 കോടി രൂപ സംസ്ഥാന വിഹിതം ഘടകം ബി -യ്ക്ക് ആവശ്യമാണ് . കൂടാതെ മറ്റു ചെലവുകൾക്കായി (കടപ്പുറം ഷെൽട്ടർ ) 2 ലക്ഷം

രൂപയും അധിക ചെലവായി പ്രതീക്ഷിക്കുന്ന 4 .5 കോടി രൂപയുടെ 25 ശതമാനമായ 112 .5 ലക്ഷം രൂപയും ഉൾപ്പടെ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാനവിഹിതമായി വേണ്ടത് 1711 .5 ലക്ഷം (1597 + 2 + 112 .5 ) രൂപയാണ്. ഇതിൽ നാളിതുവരെ ലഭിച്ച 978 ലക്ഷം രൂപ കഴിച്ചുള്ള തുകയായ 733.5 ലക്ഷം രൂപയിൽ 300 ലക്ഷം ഈ സാമ്പത്തികവർഷവും (2021-22) ബാക്കി 433.50 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷവും വേണ്ടി വരുമെന്ന് കണക്കാക്കുന്നു.

ശിപാർശ

5475-00-115-94—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രൊജക്ടുകൾ (ആർ.കെ.ഐ) – ലോക ബാങ്ക് സഹായം

ബഡ്ജറ്റ് വിഹിതം : 18,30,00,00,000 രൂപ (പ്ലാൻ)

കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾക്കായി പദ്ധതി നിർവ്വഹണ വകുപ്പുകളിൽ നിന്നു ശേഖരിച്ച പ്രതീക്ഷിത ചെലവ് കണക്കു പ്രകാരം അധിക തുകയുടെ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 170 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

പദ്ധതി നിർവഹണ വകുപ്പുകൾ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് , നിലവിലുള്ള ബജറ്റ് വിഹിതത്തിൽ നിന്നാണ് തുക അനുവദിച്ചു വരുന്നത് . പദ്ധതികൾക്ക് ഫണ്ട് സുഗമമായി ലഭ്യമാക്കുന്നതിനായി 5475-00-115-94 - കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)-ലോകബാങ്ക് സഹായം എന്ന ശീർഷകത്തിൽ ഫണ്ട് കുറവുള്ള സബ് ഹെഡുകളിലേക്ക് 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട് .

ശിപാർശ

5475-00-115-93—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രൊജക്ടുകൾ (K.F.W. സഹായം)

ബഡ്ജറ്റ് വിഹിതം : ഇല്ല

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും, കെ.എഫ്.ഡബ്ള്യൂ സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾക്ക് പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപയെങ്കിലും വേണ്ടി വരുമെന്ന് നിർവഹണ ഏജൻസിയായ കെ.എസ്.ടി.പി. അറിയിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 500 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

5475-00-115-93—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രൊജക്ടുകൾ (K.F.W. സഹായം) എന്ന ശീർഷകത്തിലേയ്ക്ക് 125 കോടി രൂപ ധനപുനഃവിനിയോഗം വഴി ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

4551-60-800-99—<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

ബഡ്ജറ്റ് വിഹിതം : 28,00,00,000 രൂപ (പ്ലാൻ)

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പമ്പയിലും സന്നിധാനത്തും ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങളുടെയും അന്നദാന മണ്ഡപത്തിന്റെയും പ്രവൃത്തികൾ നടന്നു വരികയാണെന്നും അവയുടെ പൂർത്തീകരണത്തിനായി കൂടുതൽ തുക ആവശ്യമായി വരുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല .

## <u>അദ്ധ്യായം II</u>

2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക |
|---|---|
| റവന്യൂ | 8 |
| ദേവസ്വം | 9,26 |
| ദുരന്തനിവാരണ വകുപ്പ് | 4 |

തിരുവനന്തപുരം,
2022 ജൂലൈ 12.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*